**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഇ പോസ് സംവിധാനത്തിലെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഇ പോസ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് കാലതാസം വന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഇ-പോസ് സംവിധാനത്തിൽ തകരാർ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. എന്നാൽ 2022 ജനുവരി 8 മുതൽ 12 വരെ തിയതികളിൽ റേഷൻ വിതരണത്തിൽ ഉണ്ടായ കാലതാമസം 12/01/2022 ഉച്ചയ്ക്ക് ശേഷം പരിഹരിയ്ക്കകയുണ്ടായി. PDS സെർവറിൽ സൂക്ഷിച്ചിട്ടുള്ള കഴിഞ്ഞ 3 വർഷത്തെ വിതരണം സംബന്ധിച്ചുള്ള ഡാറ്റ സുരക്ഷിതമായി മറ്റൊരു സെർവറിലെയ്ക്ക് മാറ്റുന്നതിൽ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടാണ് വിതരണത്തിൽ തടസം നേരിട്ടത്. സാങ്കേതിക തടസങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ കഴിഞ്ഞ 3 വർഷം നടത്തിയിട്ടുള്ള റേഷൻ വിതരണത്തിന്റെ ഡാറ്റ മറ്റൊരു സെർവറിലേയ്ക്ക് മാറ്റി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. NIC ഹൈദരാബാദ് (AePDS) ടീം ആണ് റേഷൻ വിതരണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നത്. ഇ-പോസ് മെഷീൻ സപ്ലൈ ചെയ്തിരിക്കുന്നത് Linkwell Telesystems Pvt Ltd എന്ന കമ്പനി ആണ്. ഫോൺ, ഇ-മെയിൽ മുഖാന്തിരമാണ് നിർദേശങ്ങൾ നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംവിധാനം തയാറാക്കിയ ഏജൻസിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | പ്രശ്ന പരിഹാരത്തിനായി പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുള്ള നിർദേശങ്ങളുടെയും തുടർന്ന് എജൻസി നടത്തിയ ഇടപെടലുകളും സംബന്ധിച്ച രേഖകൾ നൽകാമോ? | (സി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ